11/03/2022

9/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 3137*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **19584**/*എസ്.ഐ.സി-ജി6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എ.പി.മാത്യു,
ആയത്തുപാടത്ത് വീട്,
ഇടുക്കി കോളനി പി.ഒ.,
താന്നിക്കണ്ടം - 685 602,
ഇടുക്കി ജില്ല. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്,
റിസർച്ച്&ഡാം സേഫ്റ്റി ഡിവിഷൻ നമ്പർ 2,
ഇടുക്കി കോളനി പി.ഒ.-685 602, വാഴത്തോപ്പ്.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
റിസർച്ച്&ഡാം സേഫ്റ്റി ഡിവിഷൻ നമ്പർ 2,
ഇടുക്കി കോളനി പി.ഒ.-685 602, വാഴത്തോപ്പ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.10.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.12.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.12.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.12.2014 |
| ഹിയറിംഗ് നടന്ന തീയതി | 04.02.2022, ഓഡിയോ ഹിയറംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.പി.മാത്യു, 13.12.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 16.12.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.3137(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും യാതൊരുവിധ മറുപടിയും ലഭിച്ചില്ലെന്നും ടി ഓഫീസിൽ വിവരാവകാശ നിയമപ്രകാരമുള്ള ബോർഡ് സ്ഥാപിച്ചിട്ടില്ലെന്നും പല പ്രശ്നങ്ങളും അതുമൂലം ഉണ്ടാകാറുണ്ടെന്നും ടിയാന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കണമെന്നും എതിർകക്ഷികളിൽ നിന്നും പിഴ ഈടാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 18.10.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) വാഴത്തോപ്പ് കെ.എസ്.ഇ.ബി. കോളനിയിൽ AType, BType, CType, DType EType എന്നീ വിഭാഗങ്ങളിലോരോന്നിലുമായി ABCD ഉപനമ്പരുകൾ ഉൾപ്പെടെ ആകെ എത്ര ക്വാർട്ടേഴ്സുകൾ ഉണ്ടെന്നും അതിൽ ഓരോ ഇനത്തിലും ഇപ്പോൾ താമസയോഗ്യമായവ എത്രയെന്നും താമസയോഗ്യമല്ലാതെ അറ്റകുറ്റപ്പണി ചെയ്യാതെ കിടക്കുന്നവ എത്രയെന്നുമുള്ള വിവരങ്ങൾ നൽകണമെന്നും

2) മേൽപ്പടി ക്വാർട്ടേഴ്സുകളിൽ ഇപ്പോൾ എത്രയെണ്ണത്തിൽ താമസക്കാരുണ്ടെന്നും ഓരോന്നിലെയും താമസക്കാരുടെ പേര്, ഉദ്യോഗപ്പേര്, ജോലിചെയ്യുന്ന ഡിപ്പാർട്ട്മെന്റ്, ജോലി ചെയ്യുന്ന ഓഫീസിന്റെ പേര്, സ്ഥിരം മേൽവിലാസം, ജോലി ചെയ്യുന്ന സ്ഥലവും ഫാമിലി അലോക്കേഷൻ ആണോ ജോയിന്റ് അലോക്കേഷൻ ആണോ എന്നും ജോയിന്റ് അലോക്കേഷൻ ആണെങ്കിൽ താമസിക്കുന്ന ഓരോരുത്തരുടെയും മേൽവിലാസം നൽകണമെന്നും തുടങ്ങി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 07.11.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 18.10.2014ലെ അപേക്ഷയ്ക്ക്

മറുപടി നൽകുന്നതിന് ടി ഓഫീസിലെ ധാരാളം ഫയലുകൾ നോക്കേണ്ടതായി വരുന്നുവെന്നും ടി ഓഫീസിലെ ജീവനക്കാരുടെ കുറവും ഉള്ള ജീവനക്കാരുടെ ജോലി ഭാരവും മൂലം 30 ദിവസത്തിനുള്ളിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ആവശ്യമായ വിവരങ്ങളും ബന്ധപ്പെട്ട വിഷയങ്ങളുടെ പകർപ്പുകളും ലഭിക്കുന്നതിനു വേണ്ടി ടിയാന് 2014 നവംബർ മാസം 11, 12, 13 എന്നീ തീയതികളിൽ റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ നമ്പർ 2, വാഴത്തോപ്പ് ഓഫീസിൽ എത്തി ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 4.00 മണിവരെ ഫയലുകൾ കേടുപാടുകൾ കൂടാതെ നോക്കാവുന്നതും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ഫീസടച്ച് കൈപ്പറ്റാവുന്നതാണെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 09.12.2014ന് മറുപടി നൽകിയിട്ടുള്ളതുമാണ്.

4. 14.01.2015ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പല ആഫീസുകളിൽ നിന്നും ശേഖരിക്കേണ്ടവയും പല ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് നൽകേണ്ടവയും ആയിരുന്നുവെന്നും ആയതിനാൽ ഹർജിക്കാരനോട് ടി ഓഫീസിൽ ഹാജരായി ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കാവുന്നതാണെന്നും ആവശ്യമെങ്കിൽ ഡോക്യുമെന്റ് ഫീസടച്ച് ആവശ്യമായ രേഖകൾ കൈപ്പറ്റാവുന്നതാണെന്നും അറിയിച്ചുവെന്നും ഇതിനായി 3 ദിവസത്തെ സമയം നൽകുകയും ചെയ്തുവെന്നുമാണ്. എന്നാൽ ടിയാൻ ഓഫീസിൽ ഹാജരാകുകയോ രേഖകൾ പരിശോധിക്കുകയോ ചെയ്തില്ലെന്നും തുടർന്ന് 08.11.2014ന് അപ്പീൽ ഹർജി സമർപ്പിക്കുകയും പകർപ്പ് 17.11.2014ന് ടി ഓഫീസിൽ ലഭിക്കുകയും ചെയ്തുവെന്നുമാണ്. തുടർന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 2 സബ് ഡിവിഷൻ ഓഫീസുകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് അപ്പീൽ അധികാരിക്ക് സമർപ്പിക്കുകയും ഒരു പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കുകയും ചെയ്തുവെന്നുമാണ്. കമ്മീഷന്റെ കത്തു ലഭിച്ച പ്രകാരം തപാൽ മുഖാന്തിരം അയച്ച മറുപടിയുടെ പകർപ്പ് നേരിട്ട് ഒരിയ്ക്കൽ കൂടി നൽകിയെന്നുമാണ്. 26.08.2014ന് ശ്രീ.എ.പി.മാത്യുവിന്റെ പേരിൽ ടി ഓഫീസിൽ വിവരാവകാശ അപേക്ഷ ഒന്നും ലഭിച്ചിട്ടില്ലെന്നും അപ്പീൽ ഹർജിയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ടി ഓഫീസിൽ നിന്നും യാതൊരു വിധത്തിലുമുള്ള വിവരങ്ങളും മറച്ചുവച്ച് മറുപടി നൽകിയിട്ടില്ലെന്നും ടി ഓഫീസിലും സബ് ഡിവിഷൻ

ഓഫീസുകളിലും ലഭ്യമായ രേഖകൾ പ്രകാരമാണ് ഓരോ വിവരാവകാശ അപേക്ഷയ്ക്കും മറുപടി നൽകുന്നതെന്നും മറുപടി സമയബന്ധിതമായി അയച്ചുകൊടുക്കാറുണ്ടെന്നും ഇതുവരെ ആർക്കും യഥാസമയം മറുപടി ലഭിച്ചിട്ടില്ല എന്ന പരാതി കിട്ടിയിട്ടില്ലെന്നും അപ്പീൽ ഹർജിയിൽ പരാമർശിക്കുന്നതുപോലെ ഹർജിക്കാരന് യഥാസമയം മറുപടി ലഭിക്കാത്തത് ടി ഓഫീസിന്റെ വീഴ്ചയല്ലെന്നുമാണ് അറിയിച്ചത്. കൂടാതെ ഹർജിക്കാരൻ നാളിതുവരെ ആവശ്യപ്പെട്ട എല്ലാ അപേക്ഷകൾക്കും മറുപടി നൽകിയിട്ടുണ്ടെന്നും മാത്രമല്ല ടിയാന് ആവശ്യമായ എല്ലാ രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുവാനുള്ള അവസരവും നൽകാമെന്നും ടി ഓഫീസിൽ വിവരാവകാശ നിയമമനുസരിച്ചുള്ള ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും യാതൊരു മറുപടിയും ലഭ്യമായിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, 14.01.2015ലെ ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ട് കമ്മീഷൻ അംഗീകരിക്കുന്നു.

6. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 09-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * THIRUVANANTHAPURAM